PL/10/2016

തീർത്ഥാടനകേന്ദ്രമായ ലൂർദ്ദിൽ വച്ചാണ് ഇപ്രാവശ്യത്തെ മാസവിചാരത്തിന് ഞാൻ അക്ഷരരൂപം കൊടുക്കുന്നത്. യൂറോപ്പിൽ അവധിക്കാലമായതുകൊണ്ട് വലിയൊരു ജനക്കൂട്ടം തീർത്ഥാടനത്തിനെത്തിയിട്ടുണ്ട്. എല്ലാ നാട്ടുകാരും ഭാഷക്കാരും പെസഹായ്ക്ക് ജറുസലേമിൽ ഒരുമിച്ചുകൂടുമ്പോലെ, എല്ലാ നാട്ടിൽ നിന്നുമുള്ള തീർത്ഥാടകരുടെ സാന്നിധ്യം ലൂർദ്ദിലുണ്ട്. ഫ്രാൻസിൽ ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഭീകരപ്രവർത്തനം തീർത്ഥാടകരുടെ വരവിനെ സ്വാധീനിച്ചതായി തോന്നിയില്ല. ഒരു പ്രത്യേക സുരക്ഷാസംവിധാനവും അതിന്റെപേരിൽ ഇവിടെ ഏർപ്പെടുത്തിയതായികണ്ടില്ല."കർത്താവു നഗരം കാക്കുന്നില്ലെങ്കിൽ കാവൽക്കാർ ഉണർന്നിരിക്കുന്നതു വ്യർത്ഥം" എന്ന സങ്കീർത്തനവാക്യം(127:1) ഞാൻ മനസ്സിലോർത്തു. "ആവേ,ആവേ,ആവേ മരിയാ!" എന്ന അഭിവാദനഗീതം ഏതുഭീതിയെയും അകറ്റാൻ പര്യാപ്തമാണല്ലോ.പത്തനംതിട്ടയിൽ നിന്നുള്ള ഒരു കുടുംബം ഒരു വയസ്സു പൂർത്തിയാകുന്ന മകനെ മാതാവിനു സമർപ്പിക്കാൻ അവിടെ അന്നു വന്നിരുന്നു. ആൾക്കൂട്ടത്തിലും മലയാളി മറ്റൊരു മലയാളിയെ പെട്ടെന്നു തിരിച്ചറിയുന്നു! അവരെ പരിചയപ്പെട്ടു. അയർലന്റിലാണ് അവർ ജോലി ചെയ്യുന്നത്. ഒറ്റപ്പല്ലു കാണിച്ച് ചിരിച്ച് മുന്നോട്ടാഞ്ഞ കുഞ്ഞിനെ കയ്യിലെടുത്ത് അവനെ മാതാവിനു സമർപ്പിച്ച് ഞങ്ങൾ ഒരുമിച്ചു പ്രാർത്ഥിച്ചു. ആചാരപ്രകാരം ഉണ്ണിയേശുവിനെ ദേവാലയത്തിൽ സമർപ്പിക്കാൻ യൗസേപ്പു പിതാവും അമ്മ മറിയവും ജറുസലെമിൽ എത്തുന്ന സുവിശേഷസംഭവം മുറിയിലേയ്ക്കു തിരിച്ച് പോകുമ്പോൾ എന്റെ മനസ്സിലെത്തിയത് സ്വാഭാവികം.

ആചാരപ്രകാരം പ്രഥമജാതനെ ദൈവത്തിന് സമർപ്പിക്കാൻ യൗസേപ്പും മറിയവും ഉണ്ണിയേശുവിനെയുംകൊണ്ട് ദേവാലയത്തിലെത്തി. ഓരോരുത്തന്റെയും കഴിവനുസരിച്ച് ഒരു ജോടി ചെങ്ങാലികളെയോ പ്രാവിൻകുഞ്ഞുങ്ങളെയോ കർത്താവിനു സമർപ്പിക്കണമെന്നായിരുന്നു നിയമവിധി. "എന്റെ മുമ്പിൽ വെറുംകയ്യോടെ വരരുത്" (പുറ. 23:15) എന്നത് കർത്തൃനിയമമായിരുന്നു. "ഒന്നുമില്ലാത്തവരായി ആരുമുണ്ടാവരുത്" എന്നു നിഷ്ഠവച്ചവന് തന്റെ മുമ്പിൽ ശൂന്യമായ കരങ്ങളോടെ ആരും വരരുത് എന്നു നിർബന്ധിക്കാമല്ലോ. ആശ്വാസം പ്രതീക്ഷിച്ച് നീതിമാനായി ജീവിച്ചിരുന്ന ശിമയോൻ എന്നൊരു മനുഷ്യൻ അവിടെ ഉണ്ടായിരുന്നു. കർത്താവിന്റെ അഭിഷിക്തനെ കാണുംമുമ്പ് മരിക്കുകയില്ല എന്ന ഉറപ്പാണ് ശിമയോനെ ജീവനിൽ പിടിച്ചു നിർത്തിയിരുന്നത്. ആത്മാവിന്റെ പ്രേരണയാൽ ശിമയോൻ ആ നേരത്ത് ദേവാലയത്തിലെത്തി. ശിശുവിനെ കണ്ടമാത്രയിൽ അവനെ കയ്യിലെടുത്ത് അദ്ദേഹം ദൈവത്തെ സ്തുതിച്ചുതുടങ്ങി. ശിമയോന്റെ സ്തുതിവചനങ്ങൾ കേട്ട് യേശുവിന്റെ മാതാവും പിതാവും അത്ഭുതപ്പെട്ടു. ശിശുവിനെ സംബന്ധിച്ച് അവർക്കു മുമ്പേ വെളിപ്പെട്ടുകിട്ടിയിരുന്ന കാര്യങ്ങളുടെ സാധൂകരണവും ഉറപ്പിക്കലുമായിരുന്നു ഇത്. ദേവാലയം വിട്ടുപോകാതെ ദീർഘകാലമായി പ്രാർത്ഥനയിലും ഉപവാസത്തിലും കഴിഞ്ഞിരുന്ന അന്നാ എന്ന പ്രവാചികയും ആ നേരം അവിടെ എത്തി;

അവളും ശിശുവിനെ തിരിച്ചറിഞ്ഞ് ദൈവത്തെ സ്തുതിക്കുകയും മറ്റുള്ളവരോട് അവനെക്കുറിച്ച് പറയുകയും ചെയ്തു.

വെറുതെ യാദൃശ്ചികമായി ദേവാലയത്തിലെത്തിയതല്ല ശിമയോനും അന്നയും. കഴിഞ്ഞുപോയ വർഷങ്ങളിൽ ദേവാലയത്തിൽ വന്നു പോയ എത്രയോ കുഞ്ഞുങ്ങളുടെ മുഖത്തേയ്ക്ക് പ്രതീക്ഷയോടെ അവർ നോക്കിനിന്നിട്ടുണ്ടാവും! നിരാശപ്പെടാതെ അവർ ദിനചര്യ തുടർന്നുകൊണ്ടിരുന്നു. ഒരിക്കലും വരാത്തവൻ എന്ന് രക്ഷകന് ഒരു പര്യായം മെനയാൻ അവർക്കാവുമായിരുന്നില്ല. രക്ഷകൻ ഏതുനേരത്തും വരാവുന്നതുകൊണ്ട് എല്ലാ നേരവും അവർ ജാഗരൂകത കാത്തു. ആൾക്കൂട്ടത്തിലെ അനേകം ശിശുക്കളിൽനിന്ന് ദൈവപുത്രനെ അവർക്കു തിരിച്ചറിയാനായത് എങ്ങനെ? ദൈവത്തിന്റെനേർക്ക് ഒരു കാന്തികാകർഷണം അവർക്കുണ്ടായിരുന്നു എന്നു കരുതാം. ശിശുസാമിപ്യത്തിലെ ഹൃദയമിടിപ്പിന്റെ വ്യത്യാസത്തിൽ ഉണ്ണിയിൽ അവർ രക്ഷകനെ തിരിച്ചറിഞ്ഞു. മലകൾ പിളർത്തിയും പാറകൾ തകർത്തുംകൊണ്ട് വീശിയ കൊടുങ്കാറ്റിലും ഭൂകമ്പത്തിലും അഗ്നിഗോളങ്ങളിലുമൊന്നും കാണാത്ത ദൈവത്തെ ഒരു മൃദുസ്വരത്തിൽ തിരിച്ചറിയുന്ന ഏലിയായുടേതുപോലുള്ള അനുഭവമാണ് ശിമയോനുണ്ടാകുന്നത് (1 രാജാ. 19:9–12).കർത്താവിനെക്കുറിച്ചുള്ള തീക്ഷണതയാൽ ജ്വലിക്കുന്ന ഏലിയുടെ മനസ്സാണ് തിരിച്ചറിവിന് ഉപകരണമാവുന്നത്.

“ശൂന്യതയിൽ എന്നെ തിരയുവാൻ യാക്കോബിന്റെ സന്തതിയോട് ഞാൻ ആവശ്യപ്പെട്ടില്ല” (ഏശ. 45:19) എന്ന് കർത്താവ് അരുളിച്ചെയ്തിട്ടുണ്ട്. അതിനാൽ അന്വേഷിക്കുന്നവൻ കണ്ടെത്തും; മുട്ടുന്നവന് തുറന്നുകിട്ടും. ഒരിക്കലും പൂട്ടാതെ ചാരി മാത്രം ഇട്ടിരിക്കുന്ന– മുട്ടാതെ തന്നെ തുറന്നുകിട്ടുന്ന വാതിൽ “ഡി”യിലെ മെത്രാന്റെ ഭവനത്തിലേ ഉള്ളുവെന്നത് മറക്കരുത്!. മുട്ടാതെതന്നെ തുറന്നുകിട്ടുന്ന വെളിപാടനുഭവം സാവൂളിനെപ്പോലെ ചുരുക്കംപേർക്കേ പറഞ്ഞിട്ടുള്ളൂ എന്നും ഓർക്കണം. കർത്താവിന്റെ സമയക്രമത്തിന് തന്നെത്തന്നെ വിട്ടുകൊടുത്ത് കാത്തിരിക്കുന്നവന് നേർക്കാഴ്ച്ച ഉണ്ടാവുകതന്നെ ചെയ്യും. അന്ത്യംവരെ പിടിച്ചുനിൽക്കുന്നവനാണല്ലോ രക്ഷപ്പെടുന്നത്. നമ്മുടെ അന്വേഷണങ്ങൾ ഇടയ്ക്കു മുറിഞ്ഞുപോകുന്നതാണ് നമ്മുടെ ജീവിതത്തിന്റെ പാകപ്പിഴ. അർത്ഥവിരാമങ്ങളല്ലേ വാസ്തവത്തിൽ നമ്മുടെ ജീവിതത്തിലെ എല്ലാ അനർത്ഥങ്ങൾക്കും കാരണം!

തങ്ങളുടെ സന്താനത്തെ കൈകളിൽ വഹിച്ച് പള്ളിയുടെ നടകൾ കയറി എത്രയോ മാതാപിതാക്കൾ കൂദാശാപരികർമ്മത്തിനായി നമ്മുടെ മുന്നിൽ എത്തിയിട്ടുണ്ടാകും! ദൈവം സർവ്വലോകത്തിനുമായി മുൻകൂട്ടി ഒരുക്കിയിരിക്കുന്ന സത്കർമ്മങ്ങളുടെ ബ്ലൂപ്രിന്റാണ് ഓരോ ശിശുവും. സുവിശേഷഭാഷയിൽ, ഒരു കടുകുമണി. ഉയരത്തിൽ നിന്നുള്ള ഉദയരശ്മിയുടെ സന്ദർശനമാണ് (ലൂക്കാ 1:78) ഓരോ ശിശുവിന്റെയും ജനനംവഴി സംഭവിക്കുന്നത്. ഒരുവനിലെ ദൈവികദാനസമൃദ്ധി സർവ്വജനത്തിന്റെയും ക്ഷേമത്തിനായുള്ള ദൈവത്തിന്റെ മുൻകരുതലാണെന്ന ചിന്ത ഈ നേരത്ത് മാതാപിതാക്കളുടെ മനസ്സിലേക്ക് കടുകുമണിയായി പാകിക്കൊടുത്താൽ അദ്ഭുതങ്ങളുടെയും അടയാളങ്ങളുടെയും കാലം അകലത്താവില്ല.

“സകലജനത്തിനുംവേണ്ടി അങ്ങ് ഒരുക്കിയിരിക്കുന്ന രക്ഷ എന്റെ കണ്ണുകൾ കണ്ടുകഴിഞ്ഞിരിക്കുന്നു”വെന്ന് ശിമയോനെപ്പോലെ നമുക്കു പറയാൻ കഴിഞ്ഞാൽ– മാതാപിതാക്കൾ കേൾക്കെത്തന്നെയെങ്കിൽ വളരെ നല്ലത്; അല്ലെങ്കിൽ മനസ്സിലെങ്കിലും!– അദ്ഭുതകരമാവും പിന്നീടുള്ള കാര്യങ്ങൾ. ശരീരമെന്നപോലെ മനസ്സും ശക്തിപ്പെടുംവിധം

കുഞ്ഞിനെ വളർത്താൻ അവർ കൂടുതൽ പ്രചോദിതരാവുമെന്നുറപ്പാണ്. നിർവ്വികാരമായി നടത്തിക്കൊടുക്കേണ്ട ഒരു കാര്യമല്ല ജ്ഞാനസ്നാനം എന്നാണു പറഞ്ഞു വരുന്നത്. ഒരു കുഞ്ഞ് ആദ്യമായി ദൈവഭവനത്തിലെത്തുന്ന ആദ്യസന്ദർഭമാണല്ലോ അത്. "ഈ ശിശു ആരായിത്തീരും!" എന്ന അദ്ഭുതാദരവ് ആദ്യമുണരേണ്ടത് നമ്മിൽത്തന്നെയാണ്. അങ്ങനെയൊന്ന് ഇല്ലാതെ വന്നാൽ കാനേഷുമാരിക്കണക്കിലെ വെറും അക്കമായി ആ ശിശു ചുരുങ്ങിപ്പോകാം. വേണ്ടനേരത്ത് പറയപ്പെട്ട ഒരു വാക്ക്, ദൈവത്തിന്റെ സ്ഥാനത്തുനിൽക്കുന്നവനിൽ നിന്നുള്ള ഭാവിസൂചകമായ ഒരു സദ്വചനം, ആകാശത്തുനിന്നു പൊഴിയുന്ന മഴയും മഞ്ഞുംപോലെ സഫലമായിത്തീരും. അതുപറയാതെ പോയാൽ "എന്റെ നാവ് അണ്ണാക്കിൽ ഒട്ടിപ്പോകട്ടെ" (സങ്കീ. 137:16) എന്നു പറയേണ്ട ഗതികേടിലാവും നമ്മൾ.

മറ്റൊരു ദേവാലയദൃശ്യത്തിലേയ്ക്ക് ചിന്തയെ ഒന്നു പറിച്ചുനടാം! എൽക്കാനയുടെ ഭാര്യ ഹന്ന കർത്താവിന്റെ സന്നിധിയിൽ വന്നിരിക്കുകയാണ്. അവൾ കർത്താവിന്റെ മുമ്പിൽ ഹൃദയം നൊന്തുപ്രാർത്ഥിക്കുകയായിരുന്നു. അനപത്യദു:ഖമാണ് അവളെ അലട്ടിയിരുന്നത്. പുരോഹിതനായ ഏലി ദേവാലയത്തിന്റെ വാതിൽപ്പടിക്കു സമീപം ഒരു പീഠത്തിൽ ഇരിക്കുകയായിരുന്നു. അദ്ദേഹം അവളെ ശ്രദ്ധിച്ചു. ഹന്നായുടെ അധരം ചലിക്കുന്നുണ്ടായിരുന്നു. ഏലിക്കു തോന്നിയത് അവൾ മദ്യപിച്ചിട്ടുണ്ട് എന്നാണ്. "എത്രനേരം നീ ഉന്മത്തയായിരിക്കും? നിന്റെ ലഹരി അവസാനിപ്പിക്കുക" എന്ന് അദ്ദേഹം അവളോടു പറഞ്ഞു. താൻ മദ്യപിച്ചിട്ടില്ലെന്നും കർത്താവിന്റെ മുമ്പിൽ തന്റെ ഹൃദയവികാരങ്ങൾ പകരുകയായിരുന്നുവെന്നും അവൾ ഏലിയോടു പറഞ്ഞു (1 സാമു. 1:15). മുൻകൂട്ടി കാര്യങ്ങൾ ശരിയായി കാണുകയും അതുപറയാൻ ധൈര്യപ്പെടുകയും ചെയ്യുന്ന ഏലിപ്രവാചകന് ചിലനേരങ്ങളിൽ ബോധോദയം വൈകിയാണെത്താറ്. ദേവാലയത്തിൽത്തന്നെ കിടന്നുറങ്ങിയിരുന്ന സാമുവൽ ഉണർന്ന് രണ്ടു പ്രാവശ്യം "അങ്ങ് എന്നെ വിളിച്ചല്ലോ, ഞാനിതാ വന്നിരിക്കുന്നു"വെന്ന് ഏലിയോടു പറഞ്ഞു. "പോയി കിടന്നോളൂ!" എന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. മൂന്നാംവട്ടവും സാമുവൽ പഴയതുപോലെ മുന്നിലെത്തുമ്പോഴാണ് കർത്തൃസാന്നിധ്യത്തെക്കുറിച്ച് അദ്ദേഹം ഓർത്തത് (1 സാ. 3:8). അതേപോലെ ഇപ്പോൾ ഹന്ന അധരങ്ങൾ ചലിപ്പിക്കുന്നത് കർത്താവിനോടാണെന്ന് അല്പം വൈകിയാണെങ്കിലും ഏലി മനസ്സിലാക്കി. സ്വയം തിരുത്തിക്കൊണ്ട് അദ്ദേഹം അവളെ അനുഗ്രഹിച്ചു. ഏലി അവളോടു പറഞ്ഞു: "സമാധാനമായി പോവുക! ഇസ്രായേലിന്റെ ദൈവം നിന്റെ ആഗ്രഹം സാധിച്ചു തരട്ടെ". ഹൃദയാനുഭാവമുള്ള കാഴ്ചയും കേൾവിയുമുള്ള മനുഷ്യനായതുകൊണ്ടാണ് തന്റെ ആദ്യധാരണയിൽനിന്നു പെട്ടെന്നു പുറത്തുവന്ന് ഹന്നയെ മനസ്സിലാക്കാൻ ഏലിക്കായത്. അവളുടെ അധരങ്ങളിൽ മദ്യത്തിന്റെ മണമല്ല, കർത്തൃസ്തുതികളാണെന്ന് അദ്ദേഹം മനസ്സിലാക്കി.

"നീ ചിരിച്ചതെന്തുകൊണ്ട്?" എന്ന് കർത്താവ് സാറായോടു ചോദിച്ചു. സാറാ നിഷേധിച്ചുകൊണ്ടു പറഞ്ഞു: ഞാൻ ചിരിച്ചില്ല. മനുഷ്യരുടെ ഉള്ളറിയുന്ന കർത്താവ് അപ്പോൾ പറഞ്ഞത് "അല്ല, നീ ചിരിക്കുകതന്നെ ചെയ്തു" എന്നാണ് ( ഉത്.18:15). ഉള്ളറിയുന്ന കർത്താവിന് അതാകാം. പക്ഷേ, പുറംമാത്രം കണ്ടു വിധി പറയുന്ന ശീലമുള്ള സാധാരണ മനുഷ്യർ തങ്ങളുടെ ആദ്യ നിഗമനങ്ങളിൽത്തന്നെ പിടിച്ചുനിൽക്കാനാണ് തുനിയാറ്. തെറ്റാവരമുള്ളവരെപ്പോലെയാണ് പല മനുഷ്യരുടെയും വാക്കും പ്രവൃത്തിയും. മറ്റുള്ളവരുടെ ജിവിതസത്യങ്ങളും അവയെക്കുറിച്ചുള്ള നമ്മുടെ ധാരണകളും കൈകോർത്തുനില്ക്കുമോ? അതോ, കൊമ്പുകോർത്തുനില്ക്കുമോ? നമ്മുടെ മുൻവിധികളും മനുഷ്യരുടെ ജീവിതപ്പൊള്ളലുകളുംതമ്മിലെ വൈരുദ്ധ്യങ്ങളെക്കുറിച്ച് എത്രയനുഭവമുണ്ടായാലും നാം

ഒന്നും പഠിച്ചെന്നുവരില്ല. പുറംമോടികളിലും പാക്കിങ്ങുകളിലും യഥാർത്ഥസത്യത്തെ മറച്ചുവെയ്ക്കുന്ന കാലഘട്ടത്തിൽ ജീവിക്കുമ്പോൾ പ്രഥമധാരണകളെക്കുറിച്ച് പലവട്ടം വീണ്ടുവിചാരങ്ങൾ വേണ്ടിവരുന്നു. ഒന്നിലധികം പുറന്തോടുകളിൽ മധുരം ഒളിപ്പിച്ചുവച്ചിരിക്കുന്ന നാളികേരത്തിന്റെ നാട്ടിൽ ജീവിക്കുന്നവർക്ക് ഒരു കാരണവശാലും മുൻവിധികളിൽ ഒതുങ്ങിപ്പോകാൻ പാടില്ലാത്തതാണ്. കുറ്റാരോപണത്തിന്റെ ദൃഷ്ടിയേക്കാൾ രഹസ്യ (mystery) ത്തിന്റെ മുമ്പിലെ അത്ഭുതാദരവല്ലേ അപരജീവിതത്തോടുള്ള ഒരുവന്റെ ശരിക്കുള്ള നിലപാട്?. ആഴക്കടലിലാണു മീനുള്ളത്. അവിടെ വീശിയാലാണ് വല നിറയുന്നതും വള്ളം നിറയുന്നതും.

പ്രാർത്ഥിക്കുന്ന മനുഷ്യരെ നോക്കിനില്ക്കുന്നത് മനോഹരമായകാര്യമാണ്. ആരാധനയിൽ പങ്കെടുത്തവർ അതിനുശേഷം പല രൂപക്കൂടുകളുടെയുംമുമ്പിൽചെന്നുനിന്ന് തങ്ങളുടെ ഹൃദയവ്യഥകൾ നിശ്ശബ്ദം പകരുന്നത് ഏതുദേവാലയത്തിലെയും സാധാരണകാഴ്ചയാണ്. നമ്മുടെ അമ്മമാരും സഹോദരിമാരുമൊക്കെ ഇപ്രകാരം നിശ്ശബ്ദദുഃഖങ്ങൾ ദൈവസമക്ഷം പകരുമ്പോൾ നാമതുശ്രദ്ധിക്കേണ്ടേ? കണ്ടില്ലാന്നുവച്ച് പോകുന്നത് ശരിയാവില്ല. ആരാധനയും അനുബന്ധകാര്യങ്ങളും തീർന്നാൽ ദേവാലയശുശ്രൂഷ തീർന്നുവെന്ന ധൃതിപ്പെട്ട ധാരണകൾക്ക് തിരുത്തൽ വേണ്ടിവരുന്നു. “എന്തേ?” എന്ന് ഇവരോട് ഒരിക്കലെങ്കിലും ചോദിക്കാതിരുന്നാൽ നമ്മളെയെങ്ങനെ മനുഷ്യരെന്നു വിളിക്കും! കാണാം, നോക്കികാണാം, ഉള്ളറിഞ്ഞു പ്രാർത്ഥനയിൽ കുടെച്ചേരാം..

+ജോസഫ് കരിയിൽ
കൊച്ചി മെത്രാൻ